തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, തൃശ്ശൂർ നഗരസഭ അതിർത്തിയ്ക്കുള്ളിലുണ്ടാകുന്ന ഖര മാലിന്യങ്ങൾ (ലാലൂർ എന്ന സ്ഥലത്തെ) നഗരസഭ ഏറ്റെടുത്ത് 25.64 ഏക്കർ സ്ഥലത്ത് ട്രഞ്ചുകൾ ഉണ്ടാക്കി നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. മണ്ണിട്ട് ട്രഞ്ചുകൾ നികത്തി കീടശല്യം ഒഴിവാക്കുന്നതിന് കീടനാശിനിയും പ്രയോഗിക്കുന്നുണ്ട്. എന്നാലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ അയ്യന്തോൾ ലാലൂർ നിവാസികൾ പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. ഇത് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെ ചെറിയ തോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയിലെ ഖരമാലിന്യങ്ങൾ ശാസ്ത്രീയരീതിയിൽ ജൈവവളമായി മാറ്റുന്നതിന് കർണാടക കംപോസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപകൽപ്പന ചെയ്ത സാങ്കേതിക രീതി ഉപയോഗിച്ച് ഒരു ചവർ സംസ്ക്കരണ പ്ളാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നഗരങ്ങളിലെ ചപ്പുചവറുകൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച സാങ്കേതിക കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇത്തരം പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജൈവവള പദ്ധതി പ്രാവർത്തികമാകുന്നതോടെ തൃശ്ശൂർ നഗരത്തിലെ ഖരമാലിന്യങ്ങൾ മൂലം ഉണ്ടാകുന്നതായി ആരോപിക്കപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ കേരളത്തിലെ പ്രത്യേകതയനുസരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനു വേണ്ടിയുള്ള പ്ളാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

(7) കൂർക്കഞ്ചേരി പഞ്ചായത്തിലും തൃശ്ശൂരിലെ വിവിധ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തൃശ്ശൂരിലേയും പരിസരത്തേയും കുടിവെള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. തൃശ്ശൂരിലെ കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂർക്കഞ്ചേരി പഞ്ചായത്ത് ഉൾപ്പെടെ തൃശ്ശൂർ മുനിസിപ്പാലിറ്റി, മണലൂർ, അടാട്ട്, അയ്യന്തോൾ തുടങ്ങിയ വിവിധ പഞ്ചായത്തുകളിലേയും ജനങ്ങൾ പീച്ചിയിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. ഈ പ്രദേശങ്ങളിലെ ജനങ്ങളെല്ലാം കഴിഞ്ഞ 2 മാസമായി കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. ഈ 2 മാസത്തിനിടയിൽ 8 തവണ ഈ മേഖലയിൽ പൈപ്പു പൊട്ടി. ഇപ്പോൾ പൈപ്പു പൊട്ടുന്നത് ഒരു നിത്യസംഭവമാണ്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പറയുന്നത് നിലവിലുള്ള പ്രിമോ പൈപ്പ് മാറ്റാതെ അതിനു പരിഹാരമില്ല എന്നാണ്. അതിനർത്ഥം അടിയന്തിരമായി ഈ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പ് സ്ഥാപിക്കണമെന്നാണ്. ഇത് ഉടനെ ചെയ്യാൻ കഴിയുന്ന തല്ല. താൽക്കാലികമായ റിപ്പെയറുകളും അറ്റകുറ്റപ്പണികളും മാത്രമാണ് ഇവിടെ നടക്കുന്നത്. അതും പരിമിതമായ തോതിൽ. ഇതിന്റെ ഫലമായി ജനങ്ങൾ ദിവസങ്ങളോളം കുടിവെള്ളം കിട്ടാതെ നരകിക്കുന്നു. എന്റെ മണ്ഡലത്തിൽ കൂർക്കഞ്ചേരി, ചീയാരം, കണിമംഗലം, കണ്ണംകുളങ്ങര, വടൂർക്കര, കരിയാച്ചിറ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഇപ്പോൾ പൈപ്പിൽ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

വരുന്നില്ല. ചീയാരത്തുള്ള ടാങ്കിനു 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുണ്ട്. ഇവിടെ 50 എച്ച്.പി.യുടെ ഒരു മോട്ടോറും ഒരു ബൂസ്റ്റർ ട്രാൻസ്ഫോർമറും സ്ഥാപിച്ചാൽ കുറച്ച് പരിഹാരം ഉണ്ടാക്കാൻ കഴിയും എന്നറിയുന്നു. അതിനുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലുണ്ട്. അതിനുള്ള അനുമതി നൽകണം. പൈപ്പ് തുടർച്ചയായി പൊട്ടുന്നത് അന്വേഷിക്കണം. തിരുവനന്തപുരം നഗരത്തിൽ ഉണ്ടായതുപോലെ തൃശ്ശൂരിലും ആവർത്തിക്കാനുള്ള സാധ്യത തള്ളിക്കളയരുത്. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കുകയും സത്വര പരിഹാരം ഉണ്ടാക്കുകയും ചെയ്യണം. കൂടാതെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കൂർക്കഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം താൽക്കാലികമായി പരിഹരിക്കുന്നതിന് പഞ്ചായത്തധികാരികളും ബഹുമാനപ്പെട്ട ചേർപ്പ് മെമ്പർ രാജേന്ദ്രനുമായി കൂടിയാലോചിച്ച് കൂർക്കഞ്ചേരി പഞ്ചായത്തിനെ 2 മേഖലകളായി തിരിച്ച് വാർഡുകൾ ക്രമീകരിച്ച് സമയപരിധി വച്ച് മുഴുവൻ മേഖലയിലും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും, കഴിഞ്ഞമാസം 26-ാം തീയതി മുതൽ ഈ സംവിധാനം വിജയകരമായി പ്രവർത്തിച്ചു വരികയുമാണ്. എങ്കിലും ശാശ്വത പരിഹാരം എന്ന നിലയിൽ 50 എച്ച്.പി. മോട്ടോർ പമ്പ് സ്ഥാപിക്കുക, അത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വോൾട്ടേജ് ബൂസ്റ്റർ സ്റ്റെബിലൈസർ സ്ഥാപിക്കുക, നിലവിലുള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുക, പുതിയ 3 കുഴൽക്കിണറുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിൽ അടിയന്തിരനടപടി എന്ന നിലയിൽ വോൾട്ടേജ് ബൂസ്റ്റർ, സ്റ്റെബിലൈസർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പീച്ചിയിൽ നിന്നും തൃശ്ശൂരിനും പരിസരപ്രദേശങ്ങൾക്കും വേണ്ട ജലം കൊണ്ടുവരുന്ന 2 പൈപ്പുകളിൽ 70 മില്ലീമീറ്റർ വ്യാസമുള്ള പ്രിമോ പൈപ്പു ലൈനിലെ പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന ഭാഗത്താണ് പൊട്ടലുണ്ടാകുന്നത്. വളരെ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചതാണ് ഈ പൈപ്പുകൾ. ഇവയ്ക്ക് കാലപ്പഴക്കവും ഈർപ്പവും മൂലം ബലക്ഷയം സംഭവിച്ചിട്ടുണ്ട്. പൈപ്പു ലൈനിലെ ജലത്തിന്റെ ഉയർന്ന മർദ്ദ വ്യതിയാനങ്ങൾ കാരണം ഈ മേഖലയിൽ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതിനിടയായിട്ടുണ്ട്. കഴിഞ്ഞ 2 മാസത്തിനുള്ളിൽ 5 തവണ ഈ മേഖലയിൽ പൈപ്പ് പൊട്ടിയിട്ടുണ്ട്. ഉദ്ദേശം 3 കിലോമീറ്റർ പൈപ്പാണ് പ്രസ്തുത പാടശേഖരത്തിൽ സ്ഥാപിച്ചിട്ടുള്ളത്. ഇത് മാറ്റുകയല്ലാതെ വേറെ പോംവഴിയില്ല. ഇത് മാറ്റി സ്റ്റീൽ പൈപ്പ് സ്ഥാപിക്കുന്നതിന് ഉദ്ദേശം 4 കോടിയോളം രൂപ വേണ്ടി വരും. ഇതിന്റെ എസ്റ്റിമേറ്റെടുത്തപ്പോൾ അങ്ങനെയാണ് ബോധ്യപ്പെട്ടത്. ഇതിനാവശ്യമായ പണം ലഭ്യമല്ലാത്തതിനാൽ പൈപ്പുകൾ മാറ്റുന്ന പണി ഉടനെ നടപ്പാക്കാൻ കഴിയില്ല. കേടായ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതാണ്. എന്നാലും ഈ പൈപ്പ് ലൈനിലെ പൊട്ടലുകൾ അടിയന്തിരമായി പരിഹരിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം ജലവിതരണം പുനഃസ്ഥാപിക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ കൂടുതൽ ശ്രദ്ധചെലുത്തിക്കൊണ്ട് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : തൃശ്ശൂരിലെ കുടിവെള്ളക്ഷാമത്തെക്കുറിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ഒരു സബ്മിഷൻ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly